പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1028 21.03.2013-ൽ മറുപടിക്ക്.

## പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കൃഷ്ണൻ : | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എതെല്ലാമാണ്: | (എ) വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ അദ്ധ്യാപകർക്കും പരിശീലനം നൽകിവരുന്നു. 8-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുകയും, പഠന നിലവാരം കുറഞ്ഞ സ്കൂളുകളിൽ ക്യൂ.ഇ. പി.ആർ എന്ന പദ്ധതി നടപ്പിലാക്കുകയും ചെയ്തു വരുന്നു. സംസ്ഥാനത്തെ സ്കൂളുകൾ അന്തർദ്ദേശിയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റ ആദ്യപടി ആയി 20 കോടി രൂപ ചെലവഴിച്ച് സ്കൂളുകളിൽ ആവശ്യമായ ടോയ്ലെറ്റുകൾ, കുടിവെള്ള ലഭ്യത എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. "മിഡ് ഡേ മീൽ" എന്ന പദ്ധതിയിൽ 8-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കായുള്ള ഉച്ചക്കഞ്ഞി പി.റ്റി.എ., എൽ.എസ്.ജി.ഡി എന്നിവയുടെ സഹായത്തോടെ ഉച്ചഭക്ഷണമായി തന്നെ നൽകി വരുന്നു. ഉച്ചഭക്ഷണ പദ്ധതിയിൽ അംഗങ്ങളായ 8-ാം ക്ലാസ് വരെയുള്ള എല്ലാ വിദ്യാർത്ഥിക്കും 150 മില്ലി ലിറ്റർ തിളപ്പിച്ച പാൽ പഞ്ചസാരയിട്ട് നൽകുന്നുണ്ട്. കലയിൽ വൈഭവമുള്ള നിർദ്ധനരായ വിദ്യാർത്ഥികൾക്ക് 75,000/രൂപയിൽ കുറവ് വാർഷിക വരുമാനം ഉള്ളവരിൽ നിന്നും പഞ്ചായത്ത് തലത്തിൽ തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് 10,000/ രൂപ വരെ ധനസഹായം നൽകി വരുന്നു. വിദ്യാർത്ഥികളിൽ |

ശാസ്ത്രീയാവബോധം സൃഷ്ടിക്കുകയും ശാസ്ത്ര വിഷയങ്ങളുടെ അദ്ധ്യ യനം മെച്ചപ്പെടുത്തുക, പ്രവർത്തി പരിശീലനത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ഉപകരണങ്ങളും അസംസ്കൃത പദാർത്ഥങ്ങളും ഉപയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കാൻ പരിശീലനം നൽകുക. കായികാദ്ധ്വാനത്തിന് മികച്ച സ്ഥാനം നൽകുക എന്നീ പരിപാടികളുണ്ട്. ഉൽപ്പാദന പ്രവർത്തനങ്ങൾക്കായി സ്ക്കൂളുകളിൽ നിർമ്മാണശാലകൾ തുടങ്ങുക, പേപ്പർ ബാഗ് നിർമ്മാണം ഇലക്ട്രോണിക്സ്. മെക്കാനിക്കൽ, ഇലക്ട്രിക്കൽ ട്രേഡുകൾക്കായി ഉപകരണങ്ങളും മെഷിനുകളും അസംസ്കൃത പദാർത്ഥങ്ങളും വാങ്ങി നൽകുക, സ്കൂളുകളിൽ പ്രവർത്തി പരിചയ ക്ലബ്ബുകൾ തുടങ്ങുക എന്നിവയും ചെയ്ത് വരുന്നുണ്ട്. ഒന്നു മുതൽ എട്ടു വരെയുള്ള പ്രത്യേക ശ്രദ്ധ അർഹിക്കുന്ന സ്ക്കൂൾ വിദ്യാർത്ഥികൾക്ക് പുസ്തകങ്ങളും സ്റ്റേഷനറികളും കൂടാതെ യൂണിഫോം അലവൻസും, യാത്ര അലവൻസും നൽകിവരുന്നു.

ഇന്ത്യ ഗവൺമെന്റിന്റെ പദ്ധതി പ്രകാരം ആരംഭിച്ച മീൻസ് കം മെറിറ്റ് സ്കോളർഷിപ്പിന് 8-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികളെ സെലക്ഷൻ ടെസ്റ്റ് നടത്തി അർഹത നേടുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്കോളർഷിപ്പ് 9-ാം ക്ലാസ് മുതൽ 12 ാം ക്ലാസ് വരെ ലഭിക്കുന്നു.സ്റ്റേറ്റ് ബാങ്ക് ഒഫ് ഇന്ത്യയുടെ അക്കൗണ്ടിലേക്ക് പ്രതിവർഷം 6000/- രൂപ എന്ന ക്രമത്തിൽ ആകെ 24,000/- രൂപ ഒരു വിദ്യാർത്ഥിക്ക് ആനുകൂല്യമായി നൽകുന്നു.

മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളെ പരിചരിക്കുന്ന സ്ഥാപനങ്ങൾക്കും സാമ്പത്തിക സഹായം നൽകി വരുന്നു. ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട 1 മുതൽ 10-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കായി പ്രീമെട്രിക്ക് സ്കോളർഷിപ്പിന്റെ ഭാഗമായി ഒരു

| | | | |
|---|---|---|---|
| | | | കുട്ടിക്ക് 1000/- രൂപ നിരക്കിൽ സ്കോളർഷിപ്പ് നൽകി വരുന്നു. മദ്രസ്സകളിലെ 2 പ്രൈമറി അദ്ധ്യാപകരിൽ ഒരാൾക്ക് 3000/- രൂപ വച്ച് ഒരു വർഷത്തേക്കുള്ള ശമ്പളത്തിനും ബുക്ക് ബാങ്കുകൾ സജ്ജമാക്കാനും വേണ്ടി മോഡേണൈസേഷൻ ഓഫ് മദ്രസ്സ എന്ന പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു. |
| (ബി) | ഈ പദ്ധതികൾ ഓരോന്നിനും 2012-13 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക എത്രയായിരുന്നു: | (ബി) | പ്രസ്തുത പദ്ധതികൾക്കായി 2012-13 സാമ്പത്തിക വർഷത്തിൽ പൊതുവിദ്യാഭ്യാസത്തിലെ വിവിധ വകുപ്പുകൾക്കായി വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധം 1 -ൽ ചേർത്തിരിക്കുന്നു. |
| (സി) | ഈ പദ്ധതികൾക്ക് ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ: | (സി) | ഉണ്ട് |
| (ഡി) | പദ്ധതികളിൽ ഓരോന്നിനും നടപ്പു സാമ്പത്തിക വർഷം ചെലവായ തുക എത്രയെന്ന് വിശദമാക്കാമോ: | (സി) | അനുബന്ധം 2 ൽ ചേർത്തിരിക്കുന്നു |
| (ഇ) | 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്ര ഖ്യാപിച്ച ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ വന്നിട്ടുണ്ടോ: എങ്കിൽ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ: കാരണം വെളിപ്പെടുത്തുമോ? | (ഇ) | ഇല്ല |

സെക്ഷൻ ഓഫീസർ

## അനുബന്ധം- 1

(രൂപ ലക്ഷത്തിൽ)

| ക്രമ നം. | വകുപ്പ് | പദ്ധതി വിഹിതം |
|---|---|---|
| 1 | ഡി.പി.ഐ | 12804.65 |
| 2 | ഹയർ സെക്കന്ററി വിദ്യാഭ്യാസം | 6617 |
| 3. | തൊഴിലധിഷ്ഠിത വിദ്യാഭ്യാസം | 800 |
| 4. | സർവ്വശിക്ഷാ അഭിയാൻ | 500 |
| 5 | എസ്.സി.ഇ ആർ.ടി | 900 |
| 6 | സീമാറ്റ് | 200 |
| 7 | കേരള സംസ്ഥാന സാക്ഷരതാ മിഷൻ | 1200 |

Kumar [signature]
സെക്ഷൻ ഓഫീസർ

**അനുബന്ധം- 2**

(രൂപ ലക്ഷത്തിൽ)

| ക്രമ നം. | വകുപ്പ് | പദ്ധതി വിഹിതം |
|---|---|---|
| 1 | ഡി.പി.ഐ | 5300.47 (31.1.2013 വരെ) |
| 2 | ഹയർ സെക്കന്ററി വിദ്യാഭ്യാസം | 3088.04 |
| 3. | തൊഴിലധിഷ്ഠിത വിദ്യാഭ്യാസം | 228.96 |
| 4. | സർവ്വശിക്ഷാ അഭിയാൻ | - |
| 5 | എസ്.സി.ഇ ആർ.ടി | 257.74 |
| 6 | സീമാറ്റ് | 130 |
| 7 | കേരള സംസ്ഥാന സാക്ഷരതാ മിഷൻ | 512.34 |

Kumar ...

സെക്ഷൻ ഓഫീസർ